ദിക്കാനും, അതു പണിതുയർത്തിയവരുടെ ഭക്തിവിശ്വാസ വികാരങ്ങൾ ഉൾക്കൊള്ളാനും ഇതുമൂലം സാദ്ധ്യമായി.

പലതരത്തിൽ അസ്വസ്ഥമായ ആധുനികലോകത്തിൽ ആശ്വാസത്തിന്റെ അമൃതദ്രവം പകരുന്ന ഒരു സംഭവമാണ് ബോറോബുദൂർ ജീർണോദ്ധാരണം. ലോകത്തിലെങ്ങുമുള്ള മനുഷ്യർ ഇപ്പോഴും സൗന്ദര്യത്തെ ആസ്വദിക്കുകയും വിശ്വാസത്തെ വിലമതിക്കുകയും,വളരെ വലിയ അളവിൽ സഹിഷ്ണുത പുലർത്തുകയുംചെയ്യുന്നു എന്ന് ഈ സംഭവം അസന്ദിഗ്ധമായി എടുത്തു കാട്ടുന്നു.

യുനെസ്കോവിനു സ്തുതി!

(3 ഏപ്രിൽ, 1983)

# 81. ദ്വാരകയും കാവേരിപ്പൂംപട്ടണവും

മണ്ണിനടിയിൽ മറഞ്ഞുപോവുക മാത്രമല്ല,മനുഷ്യരുടെ ഓർമയിൽനിന്ന് എന്നെന്നേക്കുമായി മാഞ്ഞുപോവുകകൂടി ചെയ്തിരുന്ന മഹൻജദരോ—ഹരപ്പ സംസ്കാരത്തെ പുനരുദ്ധരിച്ചതു് ഇന്ത്യയിൽ പുരാതത്ത്വവിജ്ഞാനം (ആർക്കിയോളജി) നേടിയ ഏററവും വലിയ വിജയമാണ്.'

പുരാതത്ത്വവിജ്ഞാനത്തിന്റെ പുതിയ ശാഖയാണ് സമുദ്രഗർഭ പുരാതത്ത്വവിജ്ഞാനം (അണ്ടർ വാട്ടർ—ആർക്കിയോളജി). സിന്ധു സംസ്കാരം കണ്ടെടുത്തപ്പോൾ പുരാതത്ത്വവിജ്ഞാനത്തിനു കൈവന്ന നേട്ടത്തോട് അടുത്തുവരുന്ന ചില നേട്ടങ്ങൾ ഇന്ത്യയിൽ സമുദ്രഗർഭ—പുരാതത്ത്വവിജ്ഞാനം കൈവരിച്ചുകൂടായ്കയില്ലെന്നതിനു ചില സൂചനകൾ ഇതിനകം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ഗോവയിലെ ദേശീയ സമുദ്രവിജ്ഞാനസ്ഥാപനത്തിൽ (നാഷനൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയിൽ) ഒരു സമുദ്ര—ഗർഭ—പുരാതത്ത്വവിജ്ഞാനവിഭാഗമുണ്ട്. ഈ വിഭാഗത്തിലെ ഡോ.എസ്. ആർ. റാവുവിന്റെ നേതൃത്വത്തിൽ ഒരു സംഘം ഗുജറാത്തിൽ 'ബെയ്റ്റ് ദ്വാരക' എന്ന ദ്വീപിനടുത്തു് കടലിൽ ഇക്കഴിഞ്ഞ ഏപ്രിൽ—മേയ് മാസങ്ങളിൽ കുറെ ഉൽഖനനങ്ങൾ നടത്തി. ശ്രീകൃഷ്ണൻ സ്ഥാപിക്കുകയും അദ്ദേഹത്തിന്റെ സ്വർഗ്ഗാരോഹണത്തോടടുത്തു് കടലിൽ ആഴ്ന്നുപോവുകയും ചെയ്തുവെന്ന് മഹാഭാരതവും ശ്രീമദ് ഭാഗവതവും മററും പ്രസ്താവിക്കുന്ന ദ്വാരകാനഗരത്തിന് ചരിത്രപരമായ യാഥാർത്ഥ്യമുണ്ടോ എന്ന് അന്വേഷിക്കുകയാണ് ഈ ഉൽഖനനങ്ങളുടെ ലക്ഷ്യം. കടലിൽ, മണ്ണിനടിയിൽ ആഴത്തിൽ പുതഞ്ഞു കിടക്കുന്ന പഴയ മൺപാത്രങ്ങളും, കൊത്തി ചായം തേച്ച കക്കകളും കവിടികളും, കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും, ഒന്നുമുതൽ രണ്ടുവരെ ടൺ ഭാരമുള്ള കൂററൻ കല്ലുകൾകൊണ്ടു നിർമിച്ച ഒരു മതിലിന്റെ ചില ഭാഗങ്ങളും കാണപ്പെട്ടു. കടലിലെ ജലനിരപ്പ് ഇന്നത്തേക്കാൾ ഒരു മീററർ എങ്കിലും താഴെയായിരുന്ന ഒരു കാലത്തു്, കടലാക്രമണത്തെ തടുക്കുവാൻ നിർമിച്ചതായിരിക്കണം ഈ മതിൽ എന്നാണ് വിദഗ്ദ്ധാഭിപ്രായം. കടൽനിരപ്പു പെട്ടെന്ന് ഉയർന്നപ്പോൾ മതിലും, അതിനകത്തെ നഗരവും വെള്ളത്തിൽ മുങ്ങിപ്പോയിരിക്കാം. ഇക്കഴിഞ്ഞ മൂവായിരത്തി മുന്നൂറു വർഷങ്ങളിൽ ഇവിടെ കടൽനിരപ്പ് നാലര മീററർ ഉയർന്നിരിക്കാമെന്നു കരുതപ്പെടുന്നു.

ദ്വാരകയിൽ കടലിനകത്തു മണ്ണു മൂടിക്കിടന്ന പലതരം മൺപാത്രങ്ങൾ ഏറെക്കുറെ മൂവായിരത്തഞ്ഞൂറു വർഷംമുമ്പു പ്രചാരത്തിലിരുന്നവ

യാണെന്നു്, കരയിൽ ഉൽഖനനത്തിൽനിന്നു ലഭിച്ച അത്തരം സാധനങ്ങളുമായി താരതമ്യപ്പെടുത്തി പുരാതത്ത്വവിജ്ഞാനികൾ തീരുമാനിച്ചിട്ടുണ്ടു്. ഓടു് ഉരുക്കി വാർക്കാൻ മൂശാരിമാർ ഉപയോഗിച്ചിരുന്ന, കല്ലുകൊണ്ടുള്ള, ഒരു മൂശയാണു് ഇക്കൂട്ടത്തിൽ ലഭിച്ച, പ്രധാന പുരാതത്ത്വാവശിഷ്ടം. ഇപ്പോൾ കിട്ടിയ അവശിഷ്ടങ്ങൾക്കിടയിൽ, പല അടരുകളായി, ഇനിയും അവശിഷ്ടങ്ങൾ ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നു കരുതപ്പെടുന്നു. മൂവായിരത്തഞ്ഞൂറു വർഷം മുമ്പു് കടലിലാണ്ടുപോയ ഈ ദ്വീപിൽ ക്രിസ്തുവർഷാരംഭത്തിനടുത്തു വീണ്ടും ആൾപ്പാർപ്പുണ്ടായി. പഴയ റോമൻ തുറമുഖങ്ങളിൽനിന്നു ലഭിച്ചിട്ടുള്ളതരം ഒരു സുഗന്ധതൈലക്കുപ്പിയും, ബൗദ്ധസന്ന്യാസിമാർ ഉപയോഗിച്ചിരുന്നതരം ഒരു പനിനീർവീശി(സ്പ്രിൻക്ലർ)യും കണ്ടുകിട്ടിയതാണു് ഈ ധാരണയ്ക്കു് അടിസ്ഥാനം. ചുരുങ്ങിയതു മൂന്നു തവണ ഈ പ്രദേശത്തു ജനവാസമുണ്ടായിട്ടുണ്ടു്; മൂന്നു പ്രാവശ്യം കടൽ കയറി ഈ പ്രദേശം നശിച്ചുപോയിട്ടുമുണ്ടു്. കാലവർഷാരംഭത്തിലെ കടൽക്ഷോഭത്തെത്തുടർന്നു് ഉൽഖനനപ്രവൃത്തികൾ നിർത്തിവെക്കുകയാൽ, ദ്വാരകയെ സംബന്ധിച്ചിടത്തോളം ഇതിലധികം വസ്തുതകൾ വെളിച്ചത്തു കൊണ്ടുവരാൻ കഴിഞ്ഞില്ല.

ദ്വാരക അറബിക്കടലിലാണു്. കിഴക്കു്, ബംഗാൾ ഉൾക്കടലിൽ കാവേരിയുടെ അഴിമുഖത്തിനു് അടുത്തു കിടന്നിരുന്ന ഒരു പഴയ തുറമുഖപട്ടണമായിരുന്നു പുകാർ അല്ലെങ്കിൽ കാവേരിപ്പൂംപട്ടണം. ചിലപ്പതികാരത്തിൽ വിസ്തരിച്ചു വർണിക്കപ്പെടുന്ന ചോളരാജാക്കന്മാരുടെ ഈ തലസ്ഥാനവും, ദ്വാരകപോലെ, കടലിൽ ആഴ്ന്നു പോവുകയാണുണ്ടായതു്. ഈ പ്രദേശത്തു സമുദ്രത്തിൽ ഏതാണ്ടു് ഇരുപതു ച. മൈൽ പ്രദേശത്തു് ദേശീയ സമുദ്രവിജ്ഞാനസ്ഥാപനം നടത്തിയ പഠനങ്ങളുടെ ഫലം ഈ ഒക്ടോബർ 16–ാം തീയതി തമിഴ് സർവകലാശാലയുടെ ആഭിമുഖ്യത്തിൽ തഞ്ചാവൂരിൽ നടത്തിയ ഒരു സെമിനാറിൽ ശ്രീ കെ. എച്ച്. വോറ വെളിപ്പെടുത്തി: കടലിനടിയിൽ, ഏഴടിയിലേറെ ചെളികൊണ്ടു മൂടപ്പെട്ടുകിടക്കുന്ന പതിനേഴു കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെ കാണപ്പെട്ടു. ഇവയിൽ ചിലതിനു നാല്പതടി ഉയരവും മുപ്പതടി നീളവുമുണ്ടു്. ഒരു അവശിഷ്ടം നാല്പതടിയോളം വ്യാസമുള്ളതും ശരിയായ വൃത്താകൃതിയിൽ നിർമിക്കപ്പെട്ടതുമാണു്. മൂന്നു കിലോമീററർ അകലത്തിനുള്ളിൽ, തികച്ചും വ്യതിരിക്തങ്ങളായ മൂന്നു ഗ്രൂപ്പുകളായിട്ടാണു് ഈ അവശിഷ്ടങ്ങൾ കാണപ്പെട്ടതു് എന്നതത്രേ രസകരമായ മറെറാരു വസ്തുത. അത്യാധുനികങ്ങളായ പ്രതിധ്വനിയന്ത്രങ്ങളും (എക്കോസൗണ്ടർ) മററും ഉപയോഗിച്ചാണു് ഈ പഠനങ്ങൾ നടത്തിയതു്. പൊളിഞ്ഞുകിടക്കുന്ന പഴയ കപ്പലുകളുടെ അവശിഷ്ടങ്ങളും ഇവിടെ കാണുകയുണ്ടായി. കാലവർഷം ഇടപെട്ടതിനാൽ ഇവിടെയും പഠനം മുഴുമിക്കുവാൻ കഴിഞ്ഞില്ല.

തമിഴ്തീരത്തു് കടലിൽ ഉൽഖനനങ്ങൾ നടത്തുന്നതിൽ തഞ്ചാവൂരിലെ തമിഴ് സർവ്വകലാശാലയ്ക്കു താല്പര്യമുണ്ടു്. ഇതിനായി ഒരു സമുദ്രഗർഭ–പുരാതത്ത്വ വിജ്ഞാനസ്ഥാപനം രാമേശ്വരത്തു് ഒരു കോടി എഴുപതു ലക്ഷം രൂപ ചെലവുചെയ്തു നിർമിക്കുവാൻ ആ സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടു്. സർവകലാശാലയ്ക്കു് ഈ വിഷയത്തിൽ ദേശീയ സമുദ്രവിജ്ഞാനസ്ഥാപനം എല്ലാ സാങ്കേതികസഹായവും വാഗ്ദാനംചെയ്തിട്ടുണ്ടു്.

ഒരു സമുദ്രഗർഭ–പുരാതത്ത്വവിജ്ഞാനവിഭാഗം സ്ഥാപിക്കുവാൻ ജബൽപൂർ സർവ്വകലാശാലയും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടത്രെ.

പുകാർ (കാവേരിപ്പൂംപട്ടണം)പോലെ കടലിലാണ്ടുപോയ വേറെ

യും തുറമുഖപട്ടണങ്ങളെപ്പററി തമിഴ്സാഹിത്യത്തിൽ പരാമർശങ്ങളുണ്ട്. കന്യാകുമാരിക്കു തെക്ക് 'കുമരിഖണ്ഡം' എന്ന വലിയ ഒരു പ്രദേശവും, അതിലൊഴുകിയിരുന്ന 'പഹ്റുളി' എന്ന പുഴയും സമുദ്രത്തിൽ മുങ്ങിപ്പോയതായി തമിഴർ വിശ്വസിക്കുന്നു. ഇന്ത്യ മുതൽ ഓസ്ട്രേലിയവരെ ഒരു വൻകര നീണ്ടുകിടന്നിരുന്നു എന്നും, പാശ്ചാത്യർ 'ലെമൂറിയ' എന്നു വിളിക്കുന്ന ഈ ഭൂഖണ്ഡമായിരുന്നു തമിഴ്സംസ്കൃതിയുടെ ഈററില്ലമെന്നും കരുതുന്നവർ കുറവല്ല. പ്രകൃതിപ്രക്ഷോഭങ്ങളുടെ ഫലമായി ലെമൂറിയ കടലിൽ ആണ്ടുപോവുകയാണത്രേ ഉണ്ടായതു്. ഈ വിശ്വാസങ്ങളിൽ എത്രമാത്രം യാഥാർത്ഥ്യമുണ്ടെന്നു് അന്വേഷിക്കുകയാണു് ഒരു സമുദ്രഗർഭ—പുരാതത്ത്വവിജ്ഞാനവിഭാഗം സ്ഥാപിക്കുന്നതുകൊണ്ടു് തമിഴ് സർവകലാശാല മുഖ്യമായും ലക്ഷ്യമാക്കുന്നതു്.

ബംഗാൾ ഉൾക്കടലിൽ ഇടയ്ക്കിടെ വലിയ വേലിയേററക്കൊടുങ്കാററുകൾ (ടൈഡൽ വെയ്വ്)ഉണ്ടാകാറുണ്ടു്. 'സുനാമി'എന്നു് ജപ്പാൻകാർ വിളിക്കുന്ന ഇത്തരം വേലിയേററങ്ങളുടെ ഫലമായി, വളരെ ഉയരത്തിൽ തിരകൾ ചില പ്രദേശങ്ങളിൽ കരയിലേക്കു് അടിച്ചുകയറുന്നു. വെള്ളം ഇറങ്ങുമ്പോൾ അവിടം മുഴുവൻ മണലിൽ പുതഞ്ഞുപോയതായി കാണപ്പെടുന്നു. മഹാബലിപുരത്തുള്ള പാണ്ഡവരഥങ്ങൾ നാലുതടി കനത്തിൽ മണൽ വന്നു മൂടിപ്പോയിരുന്നതു് ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പഴയ തുറമുഖങ്ങൾക്കടുത്തു് പണ്ടു്, ഒട്ടേറെ കപ്പലപകടങ്ങൾ ഉണ്ടായിട്ടുണ്ടാവാം. ആഴക്കടലിൽ ചെളിയിൽ പുതഞ്ഞുകിടക്കുന്ന ഈ കപ്പലുകൾ, ചരിത്രത്തെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട പല അറിവുകളും തരാൻ കഴിവുള്ളവയാണു്. ഈയിടെ മദ്ധ്യധരണ്യാഴിയിൽ കണ്ടുപിടിച്ച ഒരു ഫിനീഷ്യൻ കപ്പൽ, ഇലിയഡും ഒഡീസിയും നിർമിച്ച ഹോമറുടെ കാലഘട്ടത്തെ ഏതാനും ശതാബ്ദങ്ങൾ പിറകോട്ടു മാററി സ്ഥാപിക്കുന്നതിനു പര്യാപ്തമായ ചില തെളിവുകൾ നൽകുകയുണ്ടായി. ഇന്ത്യൻ തീരസമുദ്രത്തിൽനിന്നു കിട്ടിയേക്കാവുന്ന പഴയ കപ്പലുകളുടെ അവശിഷ്ടങ്ങൾ നമ്മുടെ പ്രാചീനചരിത്രത്തിന്റെ ഇരുളടഞ്ഞ പല കോണുകളിലും പ്രകാശം വീശിയേക്കാം.

ആഴക്കടലിൽ മുങ്ങിച്ചെന്നു് അന്വേഷണം നടത്തുന്നതിനുള്ള സങ്കേതവിദ്യ വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണു്. ഇതോടെ, പഴയ കപ്പലുകളുടെ അവശിഷ്ടങ്ങൾ കൊള്ളയടിക്കുകയെന്നതു് സാധാരണ സംഭവമായിത്തീർന്നിരിക്കുന്നു. നിധി തേടി നടക്കുന്ന സാഹസികരാണു് ഈ കൊള്ളകൾ ആസൂത്രണം ചെയ്യുന്നതു്. ഇവരുടെ പ്രവർത്തനങ്ങളുടെ ഫലമായി അമൂല്യങ്ങളായ പല ചരിത്രാവശിഷ്ടങ്ങളും എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നു. തീരക്കടലിൽ ഇത്തരം കൊള്ളകൾ തടയുന്നതിനുള്ള നിയമങ്ങൾ അമേരിക്ക, ഇററലി മുതലായ ചില രാജ്യങ്ങൾ ഇതിനകം ഉണ്ടാക്കിയിട്ടുണ്ടു്. ഇന്ത്യയിലും ഇതുപോലൊരു നിയമമുണ്ടാക്കുന്നതിനെപ്പററി ആലോചിക്കാൻ സമയമായിരിക്കുന്നു.

ജപ്പാൻ, ഓസ്ട്രേലിയ, സ്വീഡൻ, ഗ്രേററ് ബ്രിട്ടൺ മുതലായ ഏതാനും രാജ്യങ്ങൾ സമുദ്രഗർഭ—പുരാതത്ത്വവിജ്ഞാനം സംബന്ധിച്ച പഠനങ്ങളിലും ഉൽഖനനങ്ങളിലും ഇതിനകം ധാരാളം പരിചയം നേടിക്കഴിഞ്ഞിട്ടുണ്ടു്. ജപ്പാനിലെ ഒരു സർവകലാശാല ഇന്ത്യയുമായി ഇത്തരം പഠനങ്ങളിൽ സഹകരിക്കാൻ താല്പര്യം പ്രദർശിപ്പിച്ചിട്ടുണ്ടത്രേ. അന്താരാഷ്ട്രീയ സഹകരണംകൊണ്ടു ഗണ്യമായ നേട്ടം ഉണ്ടാകാവുന്ന ഒരു പഠനരംഗമാണിതു്.

കടലിൽ ആഴ്ന്നുപോയ പ്രാചീനനഗരങ്ങളെയും പുണ്യക്ഷേത്രങ്ങ

ളെയുംപററിയുള്ള പല ഐതിഹ്യങ്ങളും കേരളത്തിലുമുണ്ട്. ചൈന മുതൽ റോമവരെയുള്ള പ്രാചീന നാവികർ സന്ദർശിച്ചിരുന്ന പഴയ മഹോദയപട്ടണത്തിൻെറ അവശിഷ്ടങ്ങൾ ഇന്നത്തെ കൊടുങ്ങല്ലൂരിലും പരിസരങ്ങളിലും കാണുന്നില്ല. ഈ തുറമുഖനഗരം കടലിൽ ആഴ്ന്നു പോയിരിക്കാനാണ് ഇട. തക്ഷശിലവരെ പുകൾ പരത്തിയ 'ശ്രീമൂല വാസം' എന്ന ബൗദ്ധക്ഷേത്രം കടലിൽ താഴ്ന്നുപോയി എന്നതിൽ സംശയമൊന്നുമില്ല. തങ്കശ്ശേരിക്കടുത്ത് കടലിൽ പഴയ 'തരിസാപ്പള്ളി' മുങ്ങിക്കിടക്കുന്നതായി വിശ്വസിക്കുന്നവർ കുറവല്ല. ദേശീയ സമുദ്ര വിജ്ഞാനസ്ഥാപനത്തിൻെറ സഹായത്തോടെ കേരളതീരത്തിൽ ഒരു സമുദ്രഗർഭ—പുരാവസ്തു വിജ്ഞാന—പഠനം സംഘടിപ്പിക്കുന്നതു നിഷ്പ്ര യോജനമാവാൻ വഴിയില്ല. കൊച്ചി സർവകലാശാല ഇക്കാര്യം പരിഗ ണിക്കുന്നതു കൊള്ളാം.

(19 ഒക്ടോബർ, 1983)

## 82. ഗണപതി

കേരളത്തിൽ മിക്ക ഹിന്ദുക്ഷേത്രങ്ങളിലും, പ്രധാന പ്രതിഷ്ഠയുടെ വല ത്തുവശത്തായി, ഗണപതിയുടെ വിഗ്രഹവും പ്രതിഷ്ഠിച്ചുകാണാം. പ്രധാന പ്രതിഷ്ഠ സ്ഥിതിചെയ്യുന്ന ഗർഭഗൃഹമല്ല, അതിനു പുറത്തു നിർമിച്ച ഒരു ചെറിയ അറയാണു പ്രായേണ എല്ലായിടത്തും ഗണപതി യുടെ ആസ്ഥാനം. പ്രധാന ദേവനെ (അല്ലെങ്കിൽ ദേവിയെ) വന്ദിച്ച ശേഷം, ഗർഭഗൃഹം പ്രദക്ഷിണം വെക്കാൻ തുടങ്ങുമ്പോഴാണ് ആരാധകർ ഗണപതിയെന്ന ഉപദേവൻെറ മുന്നിലെത്തുന്നത്.

ഗണപതിയെ വന്ദിക്കുന്നവർ വെറുതെ നിന്നു കൈ കൂപ്പിയാൽ മാത്രം പോരാ. ചെറിയൊരു വ്യായാമപദ്ധതിതന്നെയാണ് ഗണപതി വന്ദനം. ഈ പ്രക്രിയ 'ഏത്തമിടുക' എന്ന പേരിൽ അറിയപ്പെടുന്നു. ആദ്യമായി ആരാധകൻ നെഞ്ചിൽ കൈകൾ പിണച്ച് വലംകൈകൊ ണ്ട് ഇടത്തെ ചെവിയും, ഇടംകൈകൊണ്ടു വലത്തെ ചെവിയും പിടിക്ക ണം. പിന്നീട് വലംകാലടി ഇടംകാലടിയുടെ ഇടതുവശത്തു വെക്കണം. ഇനി, ചെവികളിലെ പിടുത്തം വിടാതെ കുനിഞ്ഞു കൈമുട്ടുകൾ നിലത്തു മുട്ടിക്കുക. പിന്നെ നിവരുക. വീണ്ടും കുനിയുക. ഇങ്ങനെ പന്ത്രണ്ട് 'ഏത്തം' ഇടലാണു മിനിമം. വേണമെങ്കിൽ ഏത്തത്തിൻെറ എണ്ണം വർദ്ധിപ്പിക്കാം. ഉറക്കെ എണ്ണിക്കൊണ്ടു വേണം ഏത്തമിടാൻ. ഏത്തങ്ങളുടെ എണ്ണം ഗണപതിക്കു ബോദ്ധ്യമാവണമല്ലോ.

ഹിന്ദുക്കളുടെ ദേവതാവന്ദനരീതികളുമായി പരിചയമില്ലാത്തവർക്കു വിനോദകരമായി തോന്നാവുന്ന ഈ ആരാധനാപ്രകാരംപോലെതന്നെ വിനോദകരമാണ് ആരാധനയ്ക്കു വിഷയമാകുന്ന ഗണപതിയുടെ സ്വരൂ പവും. കാൽ കുറുകി കുടവയർ ചാടിയ മനുഷ്യശരീരത്തിൽ ഘടിപ്പിച്ച ഒരു കൊമ്പു മാത്രമുള്ള ആനത്തല അവരിലുണർത്തുന്ന പ്രാഥമികവികാ രം ഹാസമായിരിക്കും. പക്ഷേ,

ഏകദന്തം മഹാകായം
തപ്തകാഞ്ചന സന്നിഭം
ലംബോദരം വിശാലാക്ഷം
വന്ദേഹം ഗണനായകം